(സി) നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ Entrepreneur Support Scheme, വാണിജ്യ വികസന പദ്ധതികൾ, സംരംഭകർക്ക് സഹായകമാകുന്ന ഏകജാലക ക്ലിയറൻസ് സംവിധാനം, വിപണനം പ്രോത്സാഹിപ്പിക്കുവാൻ മേളകൾ തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

കരിമണൽ കടത്ത്

187(2389) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീണ്ടകരമുതൽ കായംകുളംവരെയുള്ള തീരപ്രദേശത്ത് നിന്നും തമിഴ് നാട്ടിലേക്ക് വൻതോതിൽ കരിമണൽ കടത്തുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം അസിസ്റ്റന്റ് ജില്ലാ ജിയോളജിസ്റ്റ്, തഹസിൽദാർമാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർമാർ എന്നിവരടങ്ങിയ മറ്റൊരു സ്ക്വാഡും അനധികൃത ധാതുമണൽ ഖനനം, ഗതാഗതം എന്നിവ തടയുന്നതിലേയ്ക്ക് നിലവിലുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖല മിനറൽ സ്ക്വാഡ്, കൊല്ലം ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഖനന പ്രദേശത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട്ടിലുള്ള മെ.വി.വി. മിനറൽ എന്ന സ്ഥാപനം കേരളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും അനധികൃതമായി ധാതുമണൽ കടത്തുന്നുവെന്ന ശ്രീ. ദേവസഹായം മുതൽപേർ നൽകിയ പരാതി ഖനി മന്ത്രാലയത്തിന്റെ ചീഫ് വിജിലൻസ് ഓഫീസർ സർക്കാരിന് നൽകിയതിനെത്തുടർന്ന് മേൽപ്പറഞ്ഞ നിരീക്ഷണ സംവിധാനങ്ങൾക്കുപുറമെ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചേർന്നുള്ള പട്രോളിംഗ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകരവരെയുള്ള തീരദേശ പ്രദേശത്ത് കോസ്റ്റൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ട് പോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെത്തുടർന്ന് കൊല്ലം ജില്ലാ ജിയോളജിസ്റ്റ്, കൊല്ലം ജില്ലാകളക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വിവരം കൈമാറുകയും ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly